# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ജൂലൈ 23, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

I. **അടിയന്തരപ്രമേയം**

സഹകരണ ബാങ്ക് തട്ടിപ്പ്

മി. സ്പീക്കർ: തൃശ്ശൂർ കരുവന്നൂർ സഹകരണ ബാങ്ക് അധികൃതർ നടത്തിയ സാമ്പത്തിക തട്ടിപ്പുമൂലവും ബാങ്കിൽനിന്നും ജപ്തി നടപടി നേരിടേണ്ടിവന്ന വ്യക്തി ആത്മഹത്യ ചെയ്തതുമൂലവും നിക്ഷേപകർക്ക്

ഉണ്ടായിരിക്കുന്നതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): 2014-2020 കാലയളവിൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി വായ്പകളും വ്യാജവിലാസത്തിൽ അംഗത്വവും നൽകി ഉടമകളറിയാതെ അവരുടെ പേരിൽ വായ്പ അനുവദിക്കുകയും ബാങ്കിന്റെ സൂപ്പർ മാർക്കറ്റിൽ ക്രമക്കേടുകൾ നടത്തുകയും ചെയ്തതുമൂലം ബാങ്കിന് നഷ്ടമുണ്ടായെന്ന് ചൂണ്ടിക്കാട്ടി കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ ക്രൈംബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയാണ്. തൃശ്ശൂർ, കരുവന്നൂർ സ്വദേശിയായ മുകുന്ദൻ 21-07-2021-ന് തൂങ്ങിമരിച്ചതുമായി ബന്ധപ്പെട്ട് സഹോദരന്റെ മൊഴിയിൽ ബാങ്കിലെ കുടിശ്ശികയും അതുമൂലമുണ്ടായ മാനസികാവസ്ഥയും ചൂണ്ടിക്കാണിച്ചിരുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർ അന്വേഷണം നടത്തുകയും 104.37 കോടി രൂപയുടെ ക്രമക്കേട് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കുറ്റക്കാരായ ഉദ്യോഗസ്ഥരെ

അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും സഹകരണ വകുപ്പ് രജിസ്ട്രാർ നേരിട്ട് അന്വേഷണത്തിന് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

ശ്രീ. ഷാഫി പറമ്പിൽ: ഒരു സംരംഭം തുടങ്ങുന്നതിനായി കരുവന്നൂർ സഹകരണ ബാങ്കിൽ വായ്പ എടുക്കാനെത്തിയ സ്ത്രീയിൽനിന്നും രേഖകളുടെ പകർപ്പ് വാങ്ങിയശേഷം പലതവണ ബാങ്കുമായി ബന്ധപ്പെട്ടിട്ടും വായ്പ കൊടുക്കാനോ രേഖകൾ തിരിച്ചുനൽകാനോ തയ്യാറാകാതെ എടുക്കാത്ത 3 കോടി രൂപയുടെ വായ്പ തിരിച്ചടച്ചില്ലെങ്കിൽ സ്ഥലം ജപ്തിചെയ്യുമെന്ന അറിയിപ്പ് കൊടുക്കുകയാണുണ്ടായത്. ഇത്തരത്തിൽ ബാങ്കിൽ തട്ടിപ്പ് നടക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടും ഭരണസമിതി പിരിച്ചുവിട്ട് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറായിട്ടില്ല. മാസക്കുറി നടത്തിപ്പിലെ ക്രമക്കേടുമൂലം കോടിക്കണക്കിന് രൂപയുടെ ബാധ്യതയാണ് ബാങ്കിനുണ്ടായത്. സഹകരണ വകുപ്പ് രജിസ്ട്രാറുടെ അന്വേഷണത്തിൽ ക്രമക്കേട് നടന്നുവെന്ന് ബോദ്ധ്യപ്പെട്ടിട്ടും സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയുമുണ്ടായിട്ടില്ല.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): ക്രമക്കേട് സംബന്ധിച്ച് പരാതി കിട്ടിയ സന്ദർഭത്തിൽത്തന്നെ അന്വേഷണത്തിന് ഉത്തരവിടുകയും തുടർനടപടി സ്വീകരിക്കുകയും

ചെയ്തിട്ടുണ്ട്. കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. ആത്മഹത്യ ചെയ്ത മുകുന്ദനെതിരെ ആർബിട്രേഷൻ ഫയൽ ചെയ്തതല്ലാതെ യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### (1) ആശാവർക്കർമാർക്ക് ന്യായമായ പ്രതിഫലം

ശ്രീ. ടി. പി. രാമകൃഷ്ണൻ: ക്വാറന്റൈനിൽ കഴിയുന്നവരുടെ പരിചരണം, മരുന്ന് എത്തിക്കൽ, വാക്സിൻ നൽകൽ, ബോധവൽക്കരണം എന്നിങ്ങനെ മുഴുവൻ സമയവും ജോലി ചെയ്യുന്ന എൻ. എച്ച്. എം.-ന്റെ ഭാഗമായി നിയമിക്കപ്പെട്ട ആശാവർക്കർമാർക്ക് അധ്വാനത്തിനനുസരിച്ചുള്ള വേതനവും ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ സ്ഥിരം വോളന്റിയർമാരായി

അംഗീകരിച്ച് ആവശ്യമായ പരിരക്ഷയും ഉറപ്പുവരുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. ഇവർക്കാവശ്യമായ മാസ്ക്, സാനിറ്റൈസർ, ഗ്ലൗസ് എന്നിവ ലഭ്യമാക്കാനും രോഗികൾക്കടുത്തെത്താനുള്ള യാത്രാച്ചെലവും ഫോൺ റീ-ചാർജ്ജ് ചെയ്യുന്നതിനുള്ള തുകയും സർക്കാർ വഹിക്കാനും തയ്യാറാകണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): ആശാവർക്കാർമാരെ ആരോഗ്യപ്രവർത്തകരായി സംസ്ഥാനത്തുടനീളം അംഗീകരിക്കുകയും വിവിധ ഘട്ടങ്ങളിലായി അവർക്ക് പരിശീലനം നൽകുകയും ചെയ്തുവരുന്നു. ഇവരുടെ വേതനം ഇപ്പോൾ 6000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ നൽകുന്ന 2,000 രൂപയുടെ ഓണറേറിയവും വിവിധ പദ്ധതികളിൽനിന്നുള്ള ഇൻസെന്റീവും ലഭിക്കുന്നുണ്ട്. അവർക്കാവശ്യമായ ഗ്ലൗസ്, മാസ്ക്, സാനിറ്റൈസർ തുടങ്ങിയവ അതാത് ആരോഗ്യ കേന്ദ്രങ്ങളും ആശുപത്രികളും നൽകണമെന്ന നിർദ്ദേശം നൽകുന്നതാണ്. ആശാവർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. ആരോഗ്യ മേഖലയിൽ ഒഴിവുള്ള അറ്റൻഡർ പോസ്റ്റിൽ ഇവർക്ക് പ്രത്യേക പരിഗണന നൽകാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

## (2) ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ

ശ്രീ. സജീവ് ജോസഫ്: സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഡിജിറ്റൽ ഉപകരണം നൽകുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കോവിഡ്-19 പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് അനുകൂല സാഹചര്യമില്ലാത്തതിനാലാണ് വിക്ടേഴ്സ് ചാനലിൽ 'ഫസ്റ്റ് ബെൽ' പദ്ധതിപ്രകാരം ക്ലാസ്സുകൾ സംപ്രേഷണം ചെയ്യുന്നത്. പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കണക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ശേഖരിച്ച് സ്കൂൾ/തദ്ദേശഭരണസ്ഥാപനം/ജില്ലാതലങ്ങളിൽ വിദ്യാർത്ഥികളെ തരംതിരിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. സ്കൂൾ ഡിജിറ്റലൈസേഷന്റെ ഭാഗമായി 'കൈറ്റ്' സ്കൂളുകൾക്ക് നൽകിയ ലാപ്ടോപ്പുകൾ ആദിവാസി മേഖലകളിലെ കുട്ടികൾക്ക് നൽകാനും ഓരോ ജില്ലയിലും നൽകേണ്ട ലാപ്ടോപ്പുകളുടെ കണക്കെടുപ്പ് പൂർത്തിയാക്കി

വിതരണം ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പിന്നോക്ക വിഭാഗം ഉൾപ്പെടെയുള്ള എല്ലാ മേഖലയിലെ കുട്ടികൾക്കും ഓൺലൈൻ വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കുന്നതിനായി സംസ്ഥാനതലത്തിൽ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾതലത്തിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവം സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതാണ്. സവിശേഷ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കുള്ള ഓൺലൈൻ ശാക്തീകരണ പരിപാടിക്ക് തുടക്കം കുറിക്കുകയും കാഴ്ചപരിമിതരായ കുട്ടികൾക്ക് എസ്.സി.ഇ.ആർ.ടി.-യുടെ യൂട്യൂബ് ചാനൽ വഴി ആഗസ്റ്റ് മാസത്തോടുകൂടി ഓൺലൈൻ ക്ലാസ് സംപ്രേഷണം ചെയ്യുന്നതിനുള്ള പദ്ധതികൾ ആരംഭിക്കുകയും ആദിവാസി മേഖലകളിലെ ഇന്റർനെറ്റ് ലഭ്യത പരിഹരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് നടപടികൾ വേഗത്തിലാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കും പട്ടികവർഗ്ഗ ഫണ്ടിൽനിന്നും

ലാപ്ടോപ്പ്/ടാബ്/മൊബൈൽ എന്നിവ വാങ്ങിനൽകാനുള്ള ഉത്തരവിറക്കിയിട്ടുണ്ട്.

## III സബ്മിഷൻ

### 1. ആദിവാസി കുടുംബങ്ങളുടെ പുനരധിവാസം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): മലക്കപ്പാറ-അരേക്കാപ്പ് കോളനി, ഇടമലയാർ ട്രൈബൽ ഹോസ്റ്റൽ ക്യാമ്പ്, പന്തപ്ര കോളനി എന്നിവിടങ്ങളിലെ ആദിവാസി കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): തൃശ്ശൂർ ജില്ലയിലെ അരേക്കാപ്പ് പട്ടികവർഗ്ഗസങ്കേതത്തിലെ പത്തോളം കുടുംബങ്ങളെ താല്ക്കാലികമായി ഇടമലയാർ പ്രീ മെട്രിക് ഹോസ്റ്റലിൽ താമസിപ്പിച്ചിരിക്കുകയാണ്. അരേക്കാപ്പ് കോളനിയിൽ 1 - 3 ഹെക്ടർ വരെ സ്വന്തമായി ഭൂമിയുള്ള ഇവർക്ക് അവിടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അരേക്കാപ്പിലേയ്ക്ക് പോകാൻ വിസമ്മതിക്കുന്ന സാഹചര്യത്തിൽ

അവർക്കനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടുപിടിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

2. തമിഴ് ഭാഷയിൽ ഓൺലൈൻ ക്ലാസ്

ശ്രീ. എ. രാജ: തമിഴ് മീഡിയത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിക്ടേഴ്സ് ചാനൽ മുഖേന ഓൺലൈൻ ക്ലാസ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): പൊതുവിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും ഡിജിറ്റൽ ഓൺലൈൻ സൗകര്യം ഉറപ്പാക്കുന്നതിന്റെ ഭാഗമായി തമിഴ്, കന്നഡ മാധ്യമങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കുകൂടി ക്ലാസ്സുകൾ ലഭ്യമാക്കുന്നതിനായി പ്രാദേശിക ടെലിവിഷൻ കേബിൾ നെറ്റ്‌വർക്ക് അധികൃതരുമായി ചർച്ച നടത്തി ധാരണയിലെത്തിയിട്ടുണ്ട്. കൂടാതെ ഇവർക്കായി പ്രത്യേകം യു ട്യൂബ് ചാനലുമുണ്ട്. ഓൺലൈൻ ക്ലാസുകളിലൂടെ തമിഴ്, കന്നഡ മാധ്യമമുൾപ്പെടെയുള്ള എല്ലാ കുട്ടികൾക്കും നേരിട്ട് ക്ലാസുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## 3. റോഡ് നിർമ്മാണം

ശ്രീ. രമേശ് ചെന്നിത്തല: നെടുമുടി-കരുവാറ്റ റോഡിന്റെയും കുറിച്ചിക്കൽ, പടഹാരം പാലങ്ങളുടെയും നിർമ്മാണം പൂർത്തീകരിക്കുന്നതിനും എൻ.എച്ച് പവർഹൗസ്-മുതലക്കുറിച്ചിക്കൽ റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിനും കോരംകുഴി പാലത്തിന് ഭരണാനുമതി നൽകുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. തോമസ് കെ. തോമസ്: പടഹാരം, കോരംകുഴി പാലങ്ങളുടെ നിർമ്മാണത്തിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ പി. എ. മുഹമ്മദ് റിയാസ്): തകഴി-നെടുമുടി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പടഹാരം പാലത്തിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. കോരംകുഴി പാലത്തിന്റെ എസ്റ്റിമേറ്റ് ബഡ്ജറ്റിൽ ഉൾപ്പെടാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. കുറിച്ചിക്കൽ പാലത്തിന്റെ ശേഷിക്കുന്ന പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനും പവർഹൗസ്-മുതലക്കുറിച്ചിക്കൽ റോഡിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ജില്ലാകളക്ടറുമായി ബന്ധപ്പെട്ടും നടപടികൾ സ്വീകരിച്ചുവരുന്നു.

4. റെയിൽവേ സ്റ്റേഷൻ വികസനം

ശ്രീ. പി. മമ്മിക്കുട്ടി: ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷന്റെ സമഗ്രവികസനത്തിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

കായികം, വഖഫ് ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): ഷൊർണ്ണൂർ സ്റ്റേഷനിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണെന്നും എറണാകുളത്തേയ്ക്കുള്ള ട്രിപ്പിൾ ലൈൻ സംവിധാനത്തിന് 1500 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. കോഴിക്കോട് ഭാഗത്തേയ്ക്കുള്ള രണ്ട് സ്റ്റേഷനുകളെ ബന്ധിപ്പിക്കുന്ന മേൽപ്പാലം നിർമ്മിക്കുകയും പ്ലാറ്റ്ഫോമുകളിൽ നവീകരണ പ്രവൃത്തികൾ നടത്തുകയും ജലവിതരണത്തിനുള്ള ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## IV. മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ടിന്റെ പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

ശ്രീ. പി. എസ്. സുപാൽ: 2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ): പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): വാതിൽപ്പടി സേവന രംഗത്ത് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. ക്ഷേമനിധി ബോർഡുകളിലൊന്നിലും അംഗമല്ലാത്ത അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് കേരള സംസ്ഥാന അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നേടാം. സോഷ്യൽ സെക്യൂരിറ്റി കോഡ്-2020 നിലവിൽ വരുന്നതോടുകൂടി മേൽവിഭാഗം തൊഴിലാളികളുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കാൻ കഴിയുമെന്നതിനാൽ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

ശ്രീ. പി. എസ്. സുപാൽ: സംസ്ഥാനത്തെ ഹോട്ടലുകൾ, ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, കൊറിയർ സർവീസ് സ്ഥാപനങ്ങൾ, ഓൺലൈൻ മാർക്കറ്റിംഗ് സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികൾക്കായി പ്രത്യേക ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതാണ് ഈ ബിൽ. വാതിൽപ്പടി സേവനരംഗത്ത് പ്രവർത്തിച്ചിരുന്ന 60 വയസ്സ് പൂർത്തിയായവർക്കും സ്ഥായിയായ അവശതമൂലം തൊഴിൽരഹിതരാകുന്നവർക്കും പെൻഷൻ ലഭ്യമാക്കുകയും ചികിത്സാനുകൂല്യം, മരണാനന്തര ചടങ്ങുകൾക്കുള്ള സഹായം, അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം, സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യം എന്നിവ ഉറപ്പാക്കണം. കൊറിയർ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ വേതന നിരക്ക് നിശ്ചയിക്കുകയും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയും വേണം. ഈ നിയമനിർമ്മാണത്തിലൂടെ ഓൺലൈൻ വ്യാപാരരംഗത്തെ തട്ടിപ്പ് നിയന്ത്രിക്കാൻ സാധിക്കും.

(ii) 2021-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. പി. ടി. തോമസ്: 2021-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): നിലവിലെ സംവിധാനങ്ങൾ മെച്ചപ്പെടുത്തി എല്ലാവർക്കും ശുദ്ധജലം നൽകാനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. അധിക സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് ഇത്തരമൊരു ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

ശ്രീ. പി. ടി. തോമസ്: കേരളത്തിൽ വർദ്ധിച്ചുവരുന്ന മലിനീകരണംമൂലം ശുദ്ധജലലഭ്യത ക്രമാതീതമായി കുറഞ്ഞുവരികയാണ്. കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനും ജനങ്ങൾക്ക് ശുദ്ധജലലഭ്യത ഉറപ്പുവരുത്തുന്നതിനുമായി ഒരു അതോറിറ്റി രൂപീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കുടിവെള്ളത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി ലോകാരോഗ്യ സംഘടന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പല രാജ്യങ്ങളും ഭൂപ്രകൃതി, കാലാവസ്ഥ എന്നിവയെ അടിസ്ഥാനമാക്കി സ്വന്തം നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. ശുദ്ധജലം ഉറപ്പാക്കാനും ജലമലിനീകരണം തടയാനും ജലസ്രോതസ്സുകളെ സംരക്ഷിക്കാനും സർക്കാർ തയ്യാറാകണം.

(iii) 2021-ലെ കേരള ക്രിമിനൽ കേസ്സിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബിൽ.

ശ്രീ. അനൂപ് ജേക്കബ്: 2021-ലെ കേരള ക്രിമിനൽ കേസ്സിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ: പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സുപ്രീംകോടതിയിൽ കേന്ദ്ര സർക്കാർ സമർപ്പിച്ച സാക്ഷി സുരക്ഷാ പദ്ധതി കോടതി അംഗീകരിക്കുകയും പാർലമെന്റും സംസ്ഥാന നിയമസഭകളും നിയമനിർമ്മാണം നടത്തുന്നതുവരെ രാജ്യത്ത് പ്രസ്തുത സ്കീം നിയമമായിരിക്കുമെന്ന് ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള അതോറിറ്റി സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

ശ്രീ. അനൂപ് ജേക്കബ്: കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിയമനിർമ്മാണം നടത്തുന്നതുവരെമാത്രമാണ് സുപ്രീംകോടതി അംഗീകരിച്ച സാക്ഷി സുരക്ഷാ പദ്ധതി നിലനിൽക്കുന്നത്. ഒട്ടേറെ അപാകതകളുള്ള ഈ പദ്ധതിയുമായി മുന്നോട്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്. നിയമ

നിർമ്മാണത്തിലൂടെമാത്രമെ സാക്ഷികൾക്ക് നിയമപരമായ പരിരക്ഷ നൽകാനും പദ്ധതിയിലെ ന്യൂനതകൾ പരിഹരിക്കാനും സാധിക്കുകയുള്ളൂ. ആയതിനാൽ ബിൽ അംഗീകരിക്കണം.

(ചർച്ച തുടരും)

(iv) 2021-ലെ കേരള അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: 2021-ലെ കേരള അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കാനായി കേരള കെട്ടിടനിർമ്മാണ തൊഴിലാളി ബോർഡ് മുഖേന കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ ഈ വിഭാഗത്തിന് ലഭിക്കുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യപരിരക്ഷയും ലക്ഷ്യമാക്കി വിവിധ മേഖലകളിൽ തൊഴിൽ

ചെയ്യുന്ന 18-നും 60-നുമിടയിൽ പ്രായമുള്ള തൊഴിലാളികൾക്ക് ആവാസ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തേയ്ക്ക് കുടിയേറി വരുന്ന അതിഥി തൊഴിലാളികൾക്ക് ഈ ആനുകൂല്യങ്ങൾ കൊടുക്കുന്ന സാഹചര്യത്തിൽ ഇത്തരമൊരു ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സംസ്ഥാനത്ത് അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന അതിഥി തൊഴിലാളികൾക്ക് ജോലി സ്ഥിരതയും മിനിമം വേതനവും ഉറപ്പാക്കുന്നതിനും ചൂഷണം ഒഴിവാക്കുന്നതിനും അവർക്കാവശ്യമായ ക്ഷേമപദ്ധതികൾക്ക് ശിപാർശ നൽകുന്നതിനും അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കേണ്ടത് ആവശ്യമാണ്. ഇതരസംസ്ഥാന തൊഴിലാളികളിൽ കൂടുതൽ പേരും ആദിവാസികളും ദളിതരും മറ്റ് പിന്നോക്കവിഭാഗത്തിൽപ്പെട്ടവരുമാണ്. സംസ്ഥാനത്ത് അതിഥികളായി വന്ന് ജോലി ചെയ്യുന്ന ഈ തൊഴിലാളികൾക്ക് വേണ്ട പരിഗണന നൽകുന്നതിനായി ഈ ബിൽ സർക്കാർ പരിഗണിക്കണം.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.